Filed 515/15

പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3836 20/07/2015 ൽ മറുപടിയ്ക്ക്

## പാഠപുസ്തകങ്ങളുടെ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്.സലീഖ : | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) നടപ്പ് വർഷം സ്കൂൾ 2015 ജൂലായ് വരെ എത്ര കുട്ടികൾ പത്താം ക്ലാസുവരെയുള്ള ക്ലാസുകളിൽ പ്രവേശനം നേടിയിരുന്നുവെന്ന് ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) അനുബന്ധമായി ചേർക്കുന്നു. (A) |
| ബി) ഇവരിൽ ഓരോ ക്ലാസിലും 2015 ജൂലായ് 7 വരെ എത്ര കുട്ടികൾക്ക് മൊത്തം വിഷയങ്ങളുടെ പാഠപുസ്തകങ്ങൾ വിതരണം നടത്തി; ഇനി എത്ര കുട്ടികൾക്ക് വിതരണം ചെയ്യുവാനുണ്ട്; ഇത് എന്നത്തേക്ക് പൂർത്തിയാകും. പുസ്തകം നൽകാൻ കഴിയാത്തതിന്റെ കാരണം സഹിതം വ്യക്തമാക്കാമോ; | ബി) ജൂലൈ 7 വരെ വിതരണം ചെയ്ത പാഠപുസ്തകങ്ങളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. ജൂലൈ 20-ാം തീയതിയോട് കൂടി ആവശ്യപ്പെട്ട മുഴുവൻ പാഠപുസ്തകങ്ങളും വിതരണത്തിനായി എത്തിച്ച രേഖകൾ അനുബന്ധമായി(B) ചേർക്കുന്നു. പാഠപുസ്തക അച്ചടിയിൽ വന്ന കാലതാമസമാണ് വിതണം പൂർത്തിയാക്കാൻ കഴിയാത്തത്. കെ.ബിപി.എസിൽ നിന്നും 43 ലക്ഷം പാഠപുസ്തകങ്ങളുടെ അച്ചടി സർക്കാർ പ്രസ്സിൽ നൽകിയിരുന്നു. 12 ലക്ഷം പുസ്തകം മാത്രമാണ് അവർ അച്ചടിച്ചത് കെ.ബി.പി.എസ് ജൂലൈ 20-ാം തിയതിയോട് കൂടി അച്ചടി പൂർത്തിയാക്ക പാഠപുസ്തകങ്ങൾ വിതരണം ചെയ്യാനാ പോസ്റ്റൽ ഡിപ്പാർട്ട്മെന്റിന്റെ ഹബ്ബി എത്തിക്കാൻ ആവശ്യമായ നിരദ്ദേ |

ധനരേഖ ഗ്രന്ഥാലയം സൂക്ഷിക്കേണ്ടത്

കെ.ബി.പി.എസിന് നൽകിയിട്ടുണ്ടായിരുന്നു.

പത്താം ക്ലാസ്സ് വരെ ഏതെല്ലാം ക്ലാസ്സുകളിൽ

സി) ഏതെല്ലാം വിഭാഗത്തിൽ പ്പെട്ടവർക്ക് സൗജന്യമായി പുസ്തകം നൽകും എന്നും ഈ വിഭാഗത്തിൽ പ്പെടുന്ന കുട്ടികളുടെ എണ്ണം എത്രയെന്നും അവരിൽ ഉൾപ്പെടാത്ത സ്റ്റേറ്റ് സിലബസിൽ പ്പെടുന്ന കുട്ടികൾക്ക് എത്ര തുക നിരക്കിലാണ് പുസ്തകം വിതരണം ചെയ്യുന്നത് എന്നും വ്യക്തമാക്കാമോ;

1 മുതൽ 8 വരെ പാഠപുസ്തകങ്ങൾ സൗജന്യമായാണ് വിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്. 9,10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ എല്ലാ വിഭാഗത്തിൽ പ്പെടുന്ന വിദ്യാർത്ഥികളും വില നൽകിയാണ് വാങ്ങേണ്ടത്. അംഗികാരമുള്ള അൺ എയ്ഡഡ് സ്കൂളുകൾ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ പുസ്തകങ്ങൾ വില നൽകിയാണ് വാങ്ങുന്നത്. വില വിവരം അനുബന്ധമായി ചേർക്കുന്നു. (1)

ഡി) പ്ലസ്സ് വണ്ണിൽ പുസ്തകം പരിഷ്കരിച്ചവയുടെ വിതരണം ഏതു ഘട്ടത്തിലാണ്; പ്രസ്തുത പുസ്തകം സൗജന്യമായി ഏതെല്ലാം വിഭാഗത്തിലുള്ള കുട്ടികൾക്ക് നൽകുന്നു. സൗജന്യ നിരക്കിൽ പുസ്തകം ലഭിക്കാത്ത കുട്ടികൾ ഏതെല്ലാം വിഭാഗങ്ങളിൽപ്പെടുന്നവരാണെന്നറിയിക്കാമോ; പുസ്കങ്ങളുടെ പ്രഖ്യാപിക്കപ്പെട്ട വില ഓരോന്നിനും എത്ര എന്നും വ്യക്തമാക്കാമോ?

ഡി) പ്ലസ്സ് വൺ പാഠപുസ്തക വിതരണം നടന്നു വരികയാണ്. സൗജന്യമായി പുസ്തകം നൽകുന്നില്ല. വിലവിവരം അനുബന്ധമായി ചേർക്കുന്നു (2)

സെക്ഷൻ ഓഫീസർ